**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം– ഉപാഖ്യാനം 273**

# സാത്വിക വ്യക്തിത്വം

**THE SATHWIC PERSONALITY**

**മാർച്ച് 6, 2025**

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം നിങ്ങളെ സ്വാഗതം ചെയ്യുന്നു.

## സാത്വിക ഗുണം

ഒരു സാത്വിക വ്യക്തിത്വത്തിന്റെ അഥവാ ഒരു സാത്വിക മനുഷ്യന്റെ ഗുണങ്ങൾ എന്തൊക്കെയാണ്? ഈ ആദ്യത്തെ തരം മനുഷ്യർ വളരെയധികം അഭിലഷണീയരാണ്. ഒരുവൻ മതാത്മകത, ആദ്ധ്യാത്മികത അഥവാ സാധന ആഗ്രഹിക്കുന്നുവെങ്കിൽ അയാൾ അടിസ്ഥാനപരമായും പ്രാഥമികമായും സാത്വികനാവണം. സാത്വികനാവാതെ, സാധനയില്ല. സാത്വികനാവാത്തിടത്തോളം, നിങ്ങൾ മതവിരോധിയും അനദ്ധ്യാത്മികനുമാവുന്നു.




ഇനി, എന്താണീ സാത്വിക ഗുണങ്ങൾ? ഒന്നാമത്തേത്, ഒരു സാത്വിക മനുഷ്യന് സംസ്കൃതത്തിൽ '**ജ്ഞാനം**' എന്നു വിളിക്കപ്പെടുന്ന അറിവ് ഉണ്ടാവും. ഭഗവത്ഗീത 17–ാം അദ്ധ്യായത്തിൽ ഇതെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. സാധാരണ അറിവ് എന്നത് ഭാഗികവും ഖണ്ഡവു(fractional and segmented))മായിരിക്കും. പക്ഷേ പൂർണ ധാരണയും സമഗ്രമായ അറിവുമാണ് **അവബോധം**(awareness) എന്ന് വിളിക്കപ്പെടുന്നത്. അപ്പോൾ, ഒരു സാത്വിക മനുഷ്യന് ഈ അവബോധമാവും ഉണ്ടാവുക.




ഒരു സാത്വിക മനുഷ്യനെ എങ്ങനെയാണ് നിങ്ങൾ കണ്ടെത്തുക അഥവാ തിരിച്ചറിയുക? വെള്ള വസ്ത്രം ധരിക്കുന്നതുകൊണ്ട്, അല്ലെങ്കിൽ കൃത്യമായി ഭജനയ്ക്ക് വരുന്നതുകൊണ്ട്, ഒരുവൻ സാത്വികനാവണമെന്നുണ്ടോ? ഇല്ല, ആവണമെന്നില്ല. അയാൾ ഗൗരവക്കാരനാണെങ്കിൽ?

തീർച്ചയായും ഇല്ല! അയാൾ എല്ലാവരെയും ഭരിക്കുന്നയാളാണെങ്കിൽ സാത്വിക മനുഷ്യനായിരിക്കുമോ? എങ്കിൽ അയാൾ നേരേ വിപരീതമാവും! ഭജന കഴിയുന്ന ഉടനെ കാന്റീനിലേക്ക് തിരക്കിട്ടോടുമെങ്കിൽ, അഥവാ സ്റ്റോറിലേക്ക് ഓടിപ്പോവുമെങ്കിൽ, അയാൾ സാത്വികനാണോ?

ഒരു സാത്വിക മനുഷ്യന്റെ മറ്റൊരു ഗുണം **നിർമ്മലം** ആണ്. പരിശുദ്ധി എന്നർത്ഥം വരുന്ന സംസ്കൃത പദമാണത്. ഭഗവാന്റെ അഭിപ്രായത്തിൽ, ഇതിനർത്ഥം ചിന്തയിലും വാക്കിലും പ്രവൃത്തിയിലുമുള്ള പരിശുദ്ധി(purity of thought, word and deed)യാണ്. ഭഗവാൻ മൂന്ന് **P**-കളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്: പരിശുദ്ധി, സ്ഥിരോത്സാഹം, ക്ഷമ(**P**urity, **P**erseverance, **P**atience). ഒരു സാത്വിക മനുഷ്യന് ഈ ആദ്യത്തെ P ഉണ്ടാവണം, പരിശുദ്ധി(Purity).






അടുത്ത ഗുണമെന്നത് **പ്രകാശകം** ആണ്, വെളിച്ചം തരുന്നത്, ഉജ്ജ്വലമായത്(illuminating). സാത്വികഗുണമുള്ളവരുടെ ചങ്ങാത്തത്തിലായിരിക്കുമ്പോൾ നാം പ്രശോഭിതരായി, പ്രബുദ്ധരായി നമുക്കു തോന്നിക്കുന്നു. അവർ ദീപ്തരായിരിക്കും, അവർ ദീപ്തി പരത്തുകയും ചെയ്യും. അവരുടെ സൗഹൃദം തന്നെ ജ്ഞാനത്തിന്റേതാണ്. അത് നമ്മെ ഇരുളിലേക്ക് തള്ളുകയോ പീഢിപ്പിക്കുകയോ ഇല്ല.




ഒരു സാത്വിക മനുഷ്യന്റെ വലയത്തിലായിരിക്കുമ്പോൾ, നിങ്ങൾ ഒരിക്കലും അക്രമ ഭീഷണി നേരിടില്ല. സാത്വിക മനുഷ്യനിൽനിന്ന് നിങ്ങൾ യാതൊരു കുഴപ്പവും അഭിമുഖീകരിക്കില്ല. ''നാളെ അവനെന്നെ കൊന്നേക്കും'' എന്ന ആധി വേണ്ട, അഥവാ ''മറ്റന്നാൾ അവനെന്നെ ഇടിച്ചുതാഴ്ത്തിയേക്കാം'' എന്നോ, ''ഇന്നു വൈകിട്ട് അവനെന്നെ നാണംകെടുത്തുമായിരിക്കും'' എന്നോ ചിന്ത വേണ്ട.

**അനാമയം** എന്നാൽ, കുഴപ്പമില്ലാതിരിക്കുക എന്നാണ്, ഇതും ഒരു സാത്വിക മനുഷ്യന്റെ ഗുണമാണ്. ഭഗവത്ഗീത 17-ാം അദ്ധ്യായം 6, 16 ശ്ലോകങ്ങളിൽ ഇത് സൂചിപ്പിക്കുന്നുണ്ട്. ഇതിന്റെ അർത്ഥം, കുഴപ്പം ഉണ്ടാക്കുകയോ കുഴപ്പത്തിലാവാതിരിക്കുകയോ ചെയ്യുക എന്നാണ്.

അപ്പോളെന്താണ് സംഭവിക്കുന്നത്? ഭഗവാൻ പറയുന്നതുപോലെ, ധാരാളം സുഷിരങ്ങളുള്ള ഒരു പാത്രത്തിൽ മധുരമുള്ള ജ്യൂസ് നിറച്ചാൽ, എല്ലാ സുഷിരങ്ങളിലൂടെയും മധുരമുള്ള ജ്യൂസ് മാത്രമേ പുറത്തു വരികയുള്ളൂ. ‘‘ടാങ്കിലെ വെള്ളമെങ്ങനെയോ, ടാപ്പിലെ വെള്ളവും അങ്ങനെ.’’ അതാണ് ഭഗവാൻ പറയുന്നത്. ടാങ്കിലെ വെള്ളം മലിനമാണെങ്കിൽ, ടാപ്പിലെ വെള്ളവും അതേപോലെ മലിനമായിരിക്കും. ടാങ്കിലെ വെള്ളം പരിശുദ്ധമാണെങ്കിൽ, ടാപ്പിലെ വെള്ളവും അതേപോലെയായിരിക്കും.

അപ്പോൾ, അത്തരം ജ്ഞാനം, പരിശുദ്ധി, ദീപ്തി ഉള്ള ഒരു സാത്വിക മനുഷ്യൻ, സ്ഥിതചിത്തനായ ഒരു സാത്വിക മനുഷ്യൻ, അയാളുടെ ഇന്ദ്രിയങ്ങളിലൂടെ സാത്വികഗുണങ്ങൾ മാത്രമേ പ്രകടമാക്കുകയുള്ളൂ. സാത്വികനായ ഒരു മനുഷ്യന്റെ വാക്കുകൾ പൂർണമായും സത്യമായേ പറ്റൂ. അദ്ദേഹത്തിന്റെ പ്രവൃത്തികൾ ധാർമ്മികമാവും. അദ്ദേഹത്തിന്റെ ചിന്തകൾ പരമശാന്തിയുള്ളതാവും. അദ്ദേഹത്തിന്റെ ബന്ധങ്ങൾ നിറയെ പ്രേമഭരിതവും അദ്ദേഹത്തിന്റെ ധാരണ അഹിംസാത്മകവുമായിരിക്കും.




പ്രസിദ്ധ മാനവമൂല്യങ്ങളായ സത്യം, ധർമം, ശാന്തി, പ്രേമം, അഹിംസ ഇവയെല്ലാം സാത്വികഗുണങ്ങളുടെ ഫലമാണ്. അദ്ദേഹം സത്യം പറയുന്നു, അദ്ദേഹം ധാർമ്മികമായി പ്രവർത്തിക്കുന്നു. അദ്ദേഹം ശാന്തിഭ രിതനാണ്, അദ്ദേഹം സ്നേഹമയനാണ്. ഇത് സാധ്യമാവുന്നത് എന്തുകൊണ്ടെന്നാൽ, സാത്വികഗുണം ഇന്ദ്രിയങ്ങളുടെ സകല പ്രവേശന കവാടങ്ങളിലൂടെയും സ്വയം പ്രകടമാവുന്നു എന്നതാണ്. ‘സർവ്വദ്വാരേഷു’. ദ്വാരം എന്നാൽ പ്രവേശന കവാടം, ‘സർവ’ എന്നാൽ എല്ലാം. സാത്വികഗുണം ഇന്ദ്രിയങ്ങളുടെ ഈ എല്ലാ പ്രവേശന ദ്വാരങ്ങളിലൂടെയും പ്രകടമാവുന്നു.




ഭഗവത്ഗീതയുടെ 17–ാം അദ്ധ്യായം 14 ,18 ശ്ലോകങ്ങളിൽ രണ്ട് അധിക വസ്തുതകളും വിശദീകരിക്കുന്നുണ്ട്. ‘‘ഓ.കെ. സർ. ഞാൻ സാത്വികനാണ്. ഞാൻ സാത്വികനാണെന്ന് ഞാൻ അവകാശപ്പെടുന്നു. എനിക്ക് സാത്വികഗുണങ്ങളുണ്ടെന്ന് ഞാൻ കരുതുന്നു. ഇതുകൊണ്ട് എനിക്ക് എന്തു കിട്ടാനാണ്?’’

നാം വളരെയധികം കച്ചവടമന:സ്ഥിതിയുള്ളവരാണ്, ആദ്ധ്യാത്മികതയുടെയും മതത്തിന്റെയും ലോകത്തു പോലും. “അതുകൊണ്ട്, എന്താണ് പ്രയോജനം എന്ന് ഞാനറിയട്ടെ, സാത്വികനായിരിക്കുന്നതുകൊണ്ട് എനിക്കെന്താണ് നേട്ടം എന്ന് അറിയട്ടെ. അധികം വിദേശ കറൻസി വല്ലതും കിട്ടുമോ, അല്ലെങ്കിൽ ഉയർന്ന പലിശനിരക്ക് വല്ലതും? എനിക്കെന്താണ് കിട്ടാൻ പോകുന്നത്?”



| Journal Book of Unreal Corp. | | | | |
|---|---|---|---|---|
| Date | Particulars | | Amt. Dr. | Amt. Cr. |
| | (Brought Forward) Balance B/F | | 199,000 | 199,000 |
| | XYZ Pvt. Ltd. A/C | Dr. | 30,000 | |
| | To Cash A/C | | | 30,000 |
| | (Cash paid to XYZ Pvt. Ltd.) | | | |
| | .... A/C | Dr. | .... | |
| | To .... A/C | | | .... |
| | (....) | | | |
| | .... A/C | Dr. | .... | |
| | To .... A/C | | | .... |
| | (....) | | | |
| | .... A/C | Dr. | .... | |
| | To .... A/C | | | .... |
| | (....) | | | |
| | .... A/C | Dr. | .... | |
| | To .... A/C | | | .... |
| | (....) | | | |

വ്യക്തമായി പറയപ്പെട്ടിരിക്കുന്നു, “യുവാവേ, ഇവിടെ നോക്കൂ! നിനക്ക് ഈ സാത്വിക ഗുണമുണ്ടെന്നു വരികിൽ, ഈ ജന്മം കഴിഞ്ഞ്, നിന്റെ വരുന്ന ജന്മം കുറേക്കൂടി ഉന്നതനിലയിലുള്ളതും ഉന്നത അവബോധത്തോടു കൂടിയതുമാവും.”

**അമലാൻലോകാൻ** എന്നതിന്റെ അർത്ഥം, ഒരുവൻ ഉന്നതമായതും പവിത്രജനങ്ങളുടേതുമായ ലോകം പ്രാപിക്കും എന്നാണ്. നിങ്ങൾ ഉന്നതരായ, പരിശുദ്ധരായ ആളുകളുടെ മധ്യേ ആവും. നിത്യതയിലേക്കുള്ള തുടർച്ച(continuity to Eternity)യുടെ വാഗ്ദാനമാണത്. ഈ ജന്മത്തിലെ സാത്വിക ഗുണം അടുത്ത ജന്മത്തിലേക്കും കൊണ്ടുപോകും. കൊമേഴ്സ് വിദ്യാർത്ഥികൾ എഴുതി സൂക്ഷിക്കുന്ന ബാലൻസ് ഷീറ്റു പോലെയാണത്. അവസാനത്തെ എൻട്രി തൊട്ടടുത്ത പേജിലേക്ക് കൊണ്ടുവരുന്നു. ഇതേപോലെ, സാത്വിക ഗുണം അടുത്ത ജന്മത്തിലേക്ക് കൊണ്ടുവരുന്നു, അവിടെ നാം ഭക്തരുമായി ഇടപഴകും, പരിശുദ്ധരായ, സമാനമനസ്കരായ ആളുകളുടെ ചങ്ങാത്തത്തിലാവും.



അടുത്തത് **ഊർദ്ധ്വം ഗച്ഛന്തി** ആണ്, ഇത് ജ്ഞാനത്തിന്റെ ഉപരിലോക(higher world of knowledge)ത്തെ സൂചിപ്പിക്കുന്നു. ഇത് അർത്ഥമാക്കുന്നത്, പ്രകൃതിയുടെ രഹസ്യം അനാവരണം ചെയ്യാനായി ശ്രമിച്ചുകൊണ്ട് നിങ്ങൾ സദാ പുരോഗതിയിലാണ്, അനശ്വരയാത്രയിലാണ് എന്നാണ്. നിങ്ങൾ ആനന്ദമയരും ശാന്തരും സത്യഭരിതരും ജ്ഞാനസമ്പൂർണ്ണരും ആണ്. ഇവയാണ് സാത്വിക ഗുണങ്ങൾ. ഒന്നാംകിടക്കാരാവാൻ ആഗ്രഹിക്കുന്ന ഏത് ആത്മീയാന്വേഷിക്കും സാധകനും അത്യാവശ്യമായും വേണ്ടതാണവ.

സാത്വികരായിരിക്കുന്നതിന്റെ ഫലം എന്താണ്? സാത്വികരായിരിക്കുന്ന തിന്റെ ഫലം




എന്നത് **ജ്ഞാനാവബോധം**(the awareness of *Jnanam*) ആകുന്നു. "എനിക്ക് ഈ അവബോധം, ഈ ജ്ഞാനം ഉണ്ട്, എന്തുകൊണ്ടെന്നാൽ ഞാൻ സാത്വികനാണ്."




പ്രഫസർ അനിൽകുമാർ ഭഗവാൻ സായിയുടെ ജ്ഞാനം കൂടുതലായി അടുത്ത ലക്കത്തിൽ പകരും.

നിങ്ങളുടെ സമയത്തിന് നന്ദി.

ഓം സായിരാം!

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു – (*Sai-Vedam* പേജ് 191–194)**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)